# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1851

## (16.02.2016 ലെ മറുപടിക്ക്)

## <u>അഞ്ചൽ സബ്ട്രഷറി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജു | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |

| | | |
|---|---|---|
| (എ) | അഞ്ചൽ സബ്ട്രഷറിയുടെ പ്രവർത്തനം കൂടുതൽ സൗകര്യപ്രദമായി നടത്തുവാൻ കഴിയുന്ന അഞ്ചൽ മിനി സിവിൽ സ്റ്റേഷനിലേക്ക് മാറുന്നതിനുള്ള കാലതാമസത്തിനുള്ള കാരണം വിശദമാക്കുമോ; | അഞ്ചൽ സബ്ട്രഷറിയ്ക്കായി മിനി സിവിൽ സ്റ്റേഷനിൽ അനുവദിച്ച സ്ഥലത്ത് മോഡുലാർ കൗണ്ടർ സ്ഥാപിക്കൽ, കംപ്യൂട്ടറുകൾ സ്ഥാപി ക്കുന്നതിനുവേണ്ടി യുള്ള വൈദ്യുതീകരണം എന്നിവയ്ക്കായി Rs. 7,09,000/- (ഏഴ് ലക്ഷത്തി ഒൻപതിനായിരം രൂപ മാത്രം) പൊതുമരാമത്ത് വകുപ്പിന് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വർക്ക് ടെണ്ടർ ചെയ്തുവെങ്കിലും ആരും തന്നെ ടി വർക്ക് ഏറ്റെടുത്തില്ല. അതിനു ശേഷം ക്വട്ടേഷൻ വ്യവസ്ഥയിൽ പുതിയ കോൺട്രാക്ടർ എസ്റ്റിമേറ്റ് തുകയേക്കാൾ 20% കൂടുതൽ തുക കോട്ട് ചെയ്തിരിക്കുന്നുവെന്നും അതിനാൽ അനുവദിച്ച Rs. 7,09,000/- രൂപയ്ക്ക് പുറമെ അധിക തുകയായി Rs. 1,16,466/- രൂപ കൂടി ഡെപ്പോസിറ്റ് ചെയ്യണമെന്ന് പൊതുമരാമത്ത് വകുപ്പ് ആവശ്യപ്പെട്ടതിനെ തുടർന്ന് അധിക തുക അനുവദിക്കുന്നതിന് 27/01/2016-ൽ എ5/പി.സി/1049/2011 എന്ന ട്രഷറി ഡയറക്ടറുടെ അപേക്ഷ 30.01.2016-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

| | | |
|---|---|---|
| (ബി) | ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽ പ്രതിമാസം 25000 ത്തിൽ അധികം രൂപ വാടക നൽകി തുടരുന്നതുമൂലമുള്ള നഷ്ടത്തിന് ഉത്തരവാദി ആരാണെന്ന് വ്യക്തമാക്കുമോ; | അഞ്ചൽ സബ്ട്രഷറിയുടെ വാടകയായി പ്രതിമാസം Rs. 7,997/- (ഏഴായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിയേഴ് രൂപ മാത്രം) മാത്രമാണ് കെട്ടിട ഉടമയ്ക്ക് നൽകുന്നത്. |
| (സി) | കഴിഞ്ഞ രണ്ട് വർഷമായി മിനി സിവിൽ സ്റ്റേഷനിൽ ട്രഷറി പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ഥലം ഒഴിച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയിക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**